## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6595   08.11.2016 -ൽ മറുപടിക്ക്

### കൂടിയ വിലയിൽ സാധനങ്ങൾ വില്ക്കുന്നതിന് പ്രത്യേകാനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ തിയറ്റർ കോംപ്ലക്സുകളോടും മൾട്ടിപ്ലക്സുകളോടും ചേർന്ന് പ്രവർത്തിക്കുന്ന കഫറ്റേരിയ, സ്നാക്സ് ഷോപ്പുകൾ, മറ്റ് കടകൾ, എയർപോർട്ടിലെ ഷോപ്പുകൾ ഇവയിൽ എം.ആർ.പി. നിരക്കിനേക്കാളും വിലകൂട്ടി സാധനങ്ങൾ വില്ക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) സംസ്ഥാനത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വിലകൂട്ടി വാങ്ങുന്നതിന് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അല്ലെങ്കിൽ സർക്കാർ പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇത്തരത്തിൽ പ്രത്യേകാനുമതി നൽകിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥാപനങ്ങളുടെ പേരുവിവരം ഉൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) 2011-ലെ ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) ചട്ടങ്ങളിലെ MRP-യേക്കാൾ കൂടുതൽ വില ഈടാക്കാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായി എം.ആർ.പി നിരക്കിനേക്കാൾ വില കൂട്ടി സാധനങ്ങൾ വിൽക്കുന്നതിന് അനുമതി നൽകുവാൻ വ്യവസ്ഥയില്ല. എട്ട് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. ടി സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br>1. പത്മം തീയേറ്റർ, മലപ്പുറം<br>2. വിസ്മയാ തീയേറ്റർ, പെരുന്തൽമണ്ണ<br>3. ക്രൗൺ തീയേറ്റർ, കോഴിക്കോട്<br>4. പി.വി.എസ്.ഫിലിം സിറ്റി, കോഴിക്കോട്<br>5. വിനായക തീയേറ്റർ കോംപ്ലക്സ്, കാഞ്ഞങ്ങാട്<br>6. കാർണിവൽ തീയേറ്റർ, കൊല്ലം<br>7. കാവേരി തീയേറ്റർ, ആറ്റിങ്ങൽ, തിരുവനന്തപുരം<br>8. അഭിലാഷ് തീയേറ്റർ, കോട്ടയം |
| (സി) ഇത്തരത്തിൽ പ്രത്യേകാനുമതി നൽകിയിട്ടില്ലെങ്കിൽ ഇവർക്കെതിരെ കർശന മേൽനടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ ? | (സി) നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ മേൽപ്പറഞ്ഞ ചട്ടങ്ങൾ അനുസരിച്ച് നിയമ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ